## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1475 — 10/02/2020- ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ അളവിൽ ക്രമാതീതമായി വർദ്ധനവുണ്ടാകുന്നുവെന്ന രാജ്യാന്തര കായൽ നില ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ പഠനത്തിൽ കണ്ടെത്തിയെന്ന വാർത്തകളുടെ നിജസ്ഥിതിയെന്താണ്; ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) കുട്ടനാട്ടിലെ ജലത്തിലുള്ള ലവണാംശത്തിന്റെ അളവിൽ ക്രമാതീതമായി വർദ്ധനവുണ്ടായിട്ടുണ്ടെന്ന് രാജ്യാന്തര കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ നിന്നും സർക്കാരിൽ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പരമാവധി 10 മുതൽ 11 ppt വരെ ലവണത്വം രേഖപ്പെടുത്തിയ മേഖലകളിൽ ഇപ്പോൾ ലവണത്വം ക്രമാതീതമായി വർധിച്ചു വരുന്ന സ്ഥിതി വിശേഷമാണുള്ളത്. 2017-18 കാലയളവിൽ ഫെബ്രുവരി മാസത്തിൽ ബണ്ടിന്റെ തൊട്ടു വടക്കു ഭാഗത്തു വൈക്കം കായലിൽ പരമാവധി 23.1 ppt വരെ ലവണത്വം രേഖപ്പെടുത്തപ്പെട്ടു. തണ്ണീർമുക്കം ബണ്ട് അടച്ചിരുന്നപ്പോൾ പോലും 2018 ഡിസംബർ ഏപ്രിൽ മാസങ്ങളിൽ കുട്ടനാടൻ മേഖലയിൽ ലവണാംശം നെൽകൃഷിയെ സാരമായി ബാധിക്കുന്ന തോതിൽ (9.2 ppt) ഉയർന്നിരുന്നു. |
| (ബി) ഇപ്രകാരം ജലത്തിലെ ലവണാംശത്തിന്റെ വർദ്ധനവ് കുട്ടനാട്ടിലെ നെൽകൃഷിയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) നെൽ കൃഷിക്ക് ഏറ്റവും സുരക്ഷിതമായ ലവണാം ശത്തിന്റെ അനുപാതം 1 മില്ലിമോസാണ്. ഈ ലവ ണാംശം വർദ്ധിക്കുന്നതനുസരിച്ച് വിളവിന് ആനുപാതികമായ കുറവുണ്ടാകുന്നു. 2 ppt ക്ക് മുക ളിൽ പോവുകയാണെങ്കിൽ വിളനാശത്തിന്റെ സാധ്യത കൂടുതലാകുന്നു. 50-90 ദിവസത്തിനു ള്ളിൽ പ്രായമായ നെൽച്ചെടിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. കൂടാതെ മണ്ണിലും ലവ ണാംശം എത്തപ്പെടുന്നതിനാൽ മണ്ണിന്റെ ഫലഭൂയി ഷ്ഠതയെയും ഉത്പാദനക്ഷമതയെയും പ്രതികൂല മായി ബാധിക്കുന്നതാണ്. |

(സി) പ്രസ്തുത പ്രതിസന്ധിക്ക് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(സി) വെള്ളംകയറ്റി ലവണാംശം കഴുകി കളയുകയാണ് പരിഹാരമെങ്കിലും ഇപ്പോൾ കഴുകിയിറക്കാൻ വെള്ളമില്ലാത്ത സാഹചര്യമാണ്. പി.ഐ.പി, കെ.ഐ.പി. ഇറിഗേഷൻ വഴി ഒരു പരിധി വരെ ലവണാംശം കുറയ്ക്കുവാൻ സാധിക്കുന്നതാണ്. മൺസൂണിനു ശേഷം കായലിന്റെ ജലനിരപ്പ് കടൽ നിരപ്പിനേക്കാൾ ഉയർത്തി നിർത്താനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. നദികളിൽ നിന്നുള്ള വേനൽക്കാല ജലപ്രവാഹം വർധിപ്പിച്ചും വർഷകൃഷി ചെയ്യാത്ത പാടങ്ങൾ ജല സംഭരണികൾ ആയി നിലനിർത്തി കായലിലെ ജലനിരപ്പുയർത്തിയും ഓരു കയറ്റത്തെ പ്രതിരോധിക്കാം .ഭാവിയിൽ ഓരു കയറ്റം വർദ്ധിക്കുന്ന മാസങ്ങളിൽ (ഫെബ്രുവരി, മാർച്ച്) കൃഷി അവസാനിപ്പിക്കും വിധം നിർദ്ദേശിക്കപ്പെട്ട കാർഷിക കലണ്ടർ അനുസരിച്ച് കൃഷി ഇറക്കേണ്ടതുണ്ട്. ഇപ്രകാരം കാർഷിക കലണ്ടർ നടപ്പാക്കാനുതകും വിധം കായൽ നിലങ്ങളുടെ പുറം ബണ്ടുകളും മറ്റും ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനവും നടത്തേണ്ടിയിരിക്കുന്നു. കൂടാതെ സമയ ബന്ധിതമായി ഷട്ടറുകൾ (തണ്ണീർമുക്കം, തോട്ടപ്പള്ളി) വേലിയിറക്ക സമയത്ത് അടയ്ക്കുകയും ഓരുമുട്ടുകൾ ഇടുകയും ചെയ്താൽ ലവണാംശത്തിന്റെ അളവ് നിയന്ത്രിക്കാവുന്നതാണ്. പി.ഐ.പി. കെ.ഐ.പി കനാൽ വഴിയുള്ള ജലസേചനം കൃത്യസമയത്ത് നടത്തുക വഴി പ്രസ്തുത പ്രതിസന്ധിക്കു പരിഹാരം കാണുവാൻ സാധിക്കും. ഇതിനായി മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ സമയോചിതമായ പ്രവർത്തനം ഉറപ്പാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**